<u>**15 -ാം കേരള നിയമസഭ**</u>

<u>**14 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2960**</u> <u>**07-10-2025 - ൽ മറുപടിയ്ക്ക്**</u>

<u>**തിരുവമ്പാടി മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതികൾ**</u>

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. ലിന്റോ ജോസഫ്</th><th colspan="2">ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>നിലവിലെ സർക്കാരിന്റെ കാലത്ത് തിരുവമ്പാടി മണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ്ഗ ഉന്നതികളിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതികൾ അനുവദിച്ചുവെന്നും അവയിൽ ഏതൊക്കെ പൂർത്തിയായെന്നും വിശദമാക്കാമോ;</td><td>(എ)</td><td>നിലവിലെ സർക്കാരിന്റെ കാലത്ത് തിരുവമ്പാടി മണ്ഡലത്തിൽ നിന്നും അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പട്ടികവർഗ്ഗ ഉന്നതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>ഉന്നതി</th><th>ഗ്രാമപഞ്ചായത്ത</th></tr>
<tr><td rowspan="2">2022-23</td><td>മുത്തൻപുഴ</td><td>തിരുവമ്പാടി</td></tr>
<tr><td>മാങ്കുന്ന്-മഞ്ഞക്കടവ്</td><td>കൂടരഞ്ഞി</td></tr>
<tr><td>2024-25</td><td>ചുള്ളിയകം</td><td>കൂടരഞ്ഞി</td></tr>
<tr><td>2025-26</td><td>നാക്കിലാംപാട്-പയോണ (ക്ലസ്റ്റർ)</td><td>പുതുപ്പാടി</td></tr>
</table>
അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം തെരഞ്ഞെടുത്ത മേൽ ഉന്നതികളിലൊന്നും പദ്ധതി ആരംഭിച്ചിട്ടില്ല.<br><br>2022-23 വർഷം തെരഞ്ഞെടുത്ത മുത്തൻപുഴ ഉന്നതിയിലെ പ്രവർത്തികളുടെ ഡി.പി.ആർ അപാകതകൾ പരിഹരിക്കുന്നതിനായി കോഴിക്കോട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് തിരികെ നൽകിയിട്ടുണ്ട്. മാങ്കുന്ന്-മഞ്ഞക്കടവ് ഉന്നതിയുടെ ഡി.പി.ആർ അപാകതകൾ പരിഹരിച്ച് തിരികെ ലഭ്യമാക്കിയത് പരിശോധിച്ച് വരുന്നു.<br><br>2024-25 വർഷം തെരഞ്ഞെടുത്ത ചുള്ളിയകം പുനരധിവാസ ഉന്നതിയിലും, 2025-26 വർഷം തെരഞ്ഞെടുത്ത നാക്കിലാംപാട്-പയോണ ഉന്നതിയിലും നിർവ്വഹണ ഏജൻസികളെ ശുപാർശ ചെയ്ത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചു വരുന്നു.</td></tr>
<tr><td>(ബി)</td><td>ഏതൊക്കെ ഉന്നതികളിൽ പ്രസ്തുത പദ്ധതി ആരംഭിക്കാനുണ്ടെന്നും ആരംഭിക്കാൻ വൈകിയതിന്റെ കാരണം എന്തെന്നും വ്യക്തമാക്കാമോ;</td><td>(ബി)</td><td>നിലവിലെ സർക്കാരിന്റെ കാലത്ത് തിരുവമ്പാടി മണ്ഡലത്തിൽ നിന്നും അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പട്ടികവർഗ്ഗ ഉന്നതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.</td></tr>
</table>

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><th>വർഷം</th><th>ഉന്നതി</th><th>ഗ്രാമപഞ്ചായത്ത</th></tr>
<tr><td rowspan="2">2022-23</td><td>മുത്തൻപുഴ</td><td>തിരുവമ്പാടി</td></tr>
<tr><td>മാങ്കുന്ന്-മഞ്ഞക്കടവ്</td><td>കൂടരഞ്ഞി</td></tr>
<tr><td>2024-25</td><td>ചുള്ളിയകം</td><td>കൂടരഞ്ഞി</td></tr>
<tr><td>2025-26</td><td>നാക്കിലാംപാട്-പയോണ (ക്ലസ്റ്റർ)</td><td>പുതുപ്പാടി</td></tr>
</table>
അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം തെരഞ്ഞെടുത്ത മേൽ ഉന്നതികളിലൊന്നും പദ്ധതി ആരംഭിച്ചിട്ടില്ല.
2022-23 വർഷം തെരഞ്ഞെടുത്ത മുത്തൻപുഴ ഉന്നതിയിലെ പ്രവർത്തികളുടെ ഡി.പി.ആർ അപാകതകൾ പരിഹരിക്കുന്നതിനായി കോഴിക്കോട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് തിരികെ നൽകിയിട്ടുണ്ട്. മാങ്കുന്ന്-മഞ്ഞക്കടവ് ഉന്നതിയുടെ ഡി.പി.ആർ അപാകതകൾ പരിഹരിച്ച് തിരികെ ലഭ്യമാക്കിയത് പരിശോധിച്ച് വരുന്നു.
2024-25 വർഷം തെരഞ്ഞെടുത്ത ചുള്ളിയകം പുനരധിവാസ ഉന്നതിയിലും, 2025-26 വർഷം തെരഞ്ഞെടുത്ത നാക്കിലാംപാട്-പയോണ ഉന്നതിയിലും നിർവ്വഹണ ഏജൻസികളെ ശുപാർശ ചെയ്ത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചു വരുന്നു.
</td>
</tr>
<tr>
<td>(സി)</td>
<td>കാലതാമസം ഒഴിവാക്കി പ്രസ്തുത പദ്ധതികൾ വേഗത്തിൽ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?</td>
<td>(സി)</td>
<td>പ്രസ്തുത പദ്ധതികൾ അടിയന്തിരമായി ആരംഭിക്കുന്നതിനും കാലതാമസം കൂടാതെ പൂർത്തീകരിക്കുന്നതിനുമുള്ള നടപടി വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ